**പതിന്നാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1198. 12.07.2016 ൽ മറുപടിയ്ക്ക്.**

## റോഡ് സുരക്ഷ ബിൽ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുള്ള | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാരിന്റെ 'റോഡ് സുരക്ഷ ബിൽ' ഗതാഗതരംഗത്ത് സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | നാഷണൽ ഹൈവെ അതോറിറ്റി പോലെ റോഡ് ട്രാൻസ്പോർട്ട് അതോറിറ്റിക്ക് രൂപം നൽകണമെന്ന് ബില്ലിൽ വ്യവസ്ഥ ഉണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | വാഹനങ്ങളുടെ നികുതി പിരിക്കാനുള്ള അവകാശം ബിൽ നിയമമായാൽ സംസ്ഥാനങ്ങൾക്ക് നഷ്ടമാവുമോ ; | (സി) | നഷ്ടമാകും |
| (ഡി) | എങ്കിൽ ബില്ലിൽ വരുത്തേണ്ട കാതലായ ഭേദഗതികൾ ചൂണ്ടികാട്ടി സർക്കാർ കേന്ദ്ര സർക്കാരിന് കരട് രേഖ സമർപ്പിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | സമർപ്പിക്കുന്നതാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന് ബില്ലിൽ വരുത്തേണ്ട ഭേദഗതി ഉൾപ്പെടുത്തി-ക്കൊണ്ടുള്ള സംസ്ഥാനത്തിന്റെ നിർദ്ദേശം പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് ടി സമ്മേളനത്തിന്റെ മുന്നോടിയായി നടത്തുന്ന എം.പി.മാരുടെ സമ്മേളന |

| | | | |
|---|---|---|---|
| | | | ത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവണ്മെന്റിന്റെ ഗതാഗത മന്ത്രാലയത്തിനും റോഡ് സേഫ്റ്റി ബില്ലിനെതിരെയുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായവും നിർദ്ദേശങ്ങളും നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്